LIBRARY ARCHIVES Kerala Legislative Assembly

ജാനകിക്കാട് ഇക്കോടൂറിസം പദ്ധതി

362 (340) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ?

ഉത്തരം

(എ) ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നുണ്ട്.

(ബി) ജാനകിക്കാട് ഇക്കോടൂറിസം പദ്ധതി സംസ്ഥാന ടൂറിസം ഡിപ്പാർട്ട്മെന്റിൽനിന്നും ലഭിച്ച 15.188 ലക്ഷം രൂപയുടെ സാമ്പത്തിക സഹായത്തോടുകൂടിയാണ് നടപ്പാക്കിയത്. കൂടാതെ 2015-16 വർഷത്തിലെ വനം വകുപ്പിന്റെ പദ്ധതി വിഹിതത്തിൽനിന്നും 4406-01-800-91 ഇക്കോടൂറിസം (പ്ലാൻ) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 30 ലക്ഷം രൂപ ജാനകിക്കാട് ഇക്കോടൂറിസം പദ്ധതി പ്രവർത്തനങ്ങളുടെ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരമുള്ള പ്രവൃത്തികൾ ടി പ്രദേശത്ത് നടന്നുവരുന്നു.

ആനവേട്ട

363 (341) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ആനവേട്ട നടത്തിയതിന് വനം വകുപ്പ് എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര ആനകളെ ആനവേട്ട സംഘം സംസ്ഥാനത്ത് നിന്നും വേട്ടയാടി കൊന്നെന്ന് വ്യക്തമാക്കാമോ;

(സി) ആനവേട്ട വ്യാപകമാകുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി ദക്ഷിണേന്ത്യൻ മന്ത്രിമാരുടെ സമ്മേളനം കോവളത്ത് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പ്രസ്തുത യോഗം ഇത് സംബന്ധിച്ച് എന്തെല്ലാം ഭാവി പദ്ധതികൾക്കാണ് രൂപം കൊടുത്തിരുന്നത്; ഇതിൽ ഏതെല്ലാം പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത യോഗത്തിനായി എത്ര തുക സർക്കാരിന് ചെലവു വന്നിട്ടുണ്ട്; ഇത് സംബന്ധിച്ച് ഇനം തിരിച്ച് വിശദമാക്കാമോ;

(എഫ്) ആനവേട്ടക്കേസിന്റെ നിലവിലെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത കേസുകൾ ഇപ്പോൾ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) 19 കേസ്സുകൾ.

(ബി) 18 ആനകൾ.

(സി) വനം-വന്യജീവി സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, അന്തർ-സംസ്ഥാന തലത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതുമായുള്ള വിഷയങ്ങൾ ചർച്ച ചെയ്യുവാനായി 2015 ആഗസ്റ്റ് മാസം 6-ാം തീയതി തിരുവനന്തപുരം കോവളത്ത് വച്ച് ദക്ഷിണേന്ത്യൻ വനം മന്ത്രിമാരുടെ ഒരു യോഗം കൂടിയിട്ടുണ്ട്. മറ്റു പല വിഷയങ്ങളോടൊപ്പം ആനവേട്ടയും മറ്റു മൃഗവേട്ടയും തടയുന്നതിന് വിവിധ സംസ്ഥാനങ്ങൾ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും പ്രസ്തുത യോഗം ചർച്ച ചെയ്യുകയുണ്ടായി. യോഗത്തിൽ കേരളത്തിനുപുറമെ ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്നാട്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിലെ മന്ത്രിമാർ/ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

(ഡി) ആനവേട്ടയോ മറ്റു വന്യജീവി വേട്ടയോ തടയുന്നതിന് ടി യോഗത്തിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് പ്രധാനമായും വിഭാവന ചെയ്തിട്ടുള്ളത്.

(എ) അന്തർ സംസ്ഥാന ഏകോപനത്തിനായി Southern Forest Ministers' Co-ordination Council രൂപീകരിക്കുകയും വർഷാവർഷം കൗൺസിൽ യോഗം കൂടി വിവിധ വിഷയങ്ങൾ അവലോകനം ചെയ്യുകയും ചെയ്യുക.

(ബി) 6 മാസത്തിലൊരിക്കൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വനം വകുപ്പുദ്യോഗസ്ഥതല യോഗം കൂടി വന സംരക്ഷണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക.

(സി) സംയുക്ത പട്രോളിംഗ് കൂടുതൽ ശക്തമായി നടത്തുക.

മേൽപ്പറഞ്ഞവയുടെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(എ) ഒരു വർഷത്തിനുശേഷമാണ് അടുത്ത യോഗം കൂടുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്തർ സംസ്ഥാന ഉദ്യോഗസ്ഥതലയോഗം 19-01-2016-ൽ ബന്ദിപ്പൂർ, കർണ്ണാടകയിൽ നടക്കുകയുണ്ടായി. കൂട്ടായ ശ്രമഫലമായി ആനവേട്ട യടക്കമുള്ള കേസ്സുകൾ മൊത്തത്തിൽ കുറഞ്ഞുവെന്ന് യോഗം വിലയിരുത്തി. തുടർന്നും കൂട്ടായ ശ്രമങ്ങൾ നടത്തുവാനും, വനത്തിനുള്ളിലും, പുറത്തുമുള്ള പ്രധാന ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി ക്യാമറകൾ വയ്ക്കുന്ന കാര്യം പരിഗണിക്കാനും, വേട്ടക്കാരുടെ വിവരങ്ങൾ പരസ്പരം കൈമാറാനും, മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ചുള്ള തിരച്ചിൽ വനപ്രദേശത്ത് ഇടയ്ക്കിടെ നടത്തുന്ന കാര്യം പരിഗണിക്കുവാനും യോഗം തീരുമാനിച്ചിട്ടുണ്ട്.

(സി) സംയുക്ത പട്രോളിംഗ് ആവശ്യമുള്ള മേഖലകളിൽ അതിനായുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രസ്തുത യോഗത്തിനായി 29,51,623 രൂപ (ഇരുപത്തി ഒൻപതു ലക്ഷത്തി അൻപത്തി ഒന്നായിരത്തി അറുന്നൂറ്റി ഇരുപത്തിമൂന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്. ആയത് ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

പ്രോഗ്രാം കമ്മിറ്റി	1,89,168.00 രൂപ
ലോജിസ്റ്റിക് കമ്മിറ്റി (ഉപഹാരം, ഗതാഗതം ഉൾപ്പെടെ)	3,66,144.00 രൂപ
പരസ്യ പ്രചാരണം - കലാസന്ധ്യ	10,70,480.00 രൂപ
താമസം, ഭക്ഷണം	13,25,861.00 രൂപ
ആകെ	29,51,623.00 രൂപ

(എഫ്) ആനവേട്ടയുമായി ബന്ധപ്പെട്ട് 2015-ൽ മലയാറ്റൂർ, വാഴച്ചാൽ, മൂന്നാർ മേഖലകളിൽ എടുത്ത കേസ്സുകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മലയാറ്റൂർ, വാഴച്ചാൽ, തേക്കടി, മൂന്നാർ വനം ഡിവിഷനുകളിലായി മൊത്തം 19 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൊത്തം 18 ആനകളുടെ ജഡാവശിഷ്ടം കണ്ടെത്തുകയും 84 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസ്സുകളുമായി ബന്ധപ്പെട്ട് 10 വാഹനങ്ങളും 15 തോക്കുകളും പിടിച്ചെടുത്തു. ഡൽഹിയിൽ നിന്നുൾപ്പെടെ മൊത്തം 489.292 കിലോഗ്രാം ആനക്കൊമ്പ്/ ആനക്കൊമ്പിൽ തീർത്ത കരകൗശല വസ്തുക്കൾ എന്നിവ പിടിച്ചെടുത്തു. കേസ്സന്വേഷണം കേരള വനം വകുപ്പാണ് നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly